## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3056** **22-06-2012 - ലെ മറുപടിയ്ക്ക്**

### സ്വാമിനാഥൻ പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കുട്ടനാടിന്റെ സമഗ്ര വികസനത്തിനുള്ള 1840 കോടി രൂപയുടെ വിവിധ പദ്ധതികൾ ഉൾപ്പെടുന്ന സ്വാമിനാഥൻ പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പദ്ധതി താമസംവിനാ നടപ്പിലാക്കുന്നതിനായി സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ബി) കുട്ടനാട് പാക്കേജിന്റെ നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിനായി ബഹു: മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷിക ഉത്പാദന കമ്മീഷണർ എന്നിവർ അദ്ധ്യക്ഷൻമാരായി 3 കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും, കാലാകാലങ്ങളിൽ ടി കമ്മിറ്റികൾ യോഗം ചേർന്ന് പാക്കേജിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും പാക്കേജ് കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നു. കൂടാതെ കേന്ദ്ര, സംസ്ഥാന ഉന്നതതല ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് പാക്കേജിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. |

ആയതിന്റെ ഭാഗമായി 16-05-2012 ൽ കാർഷികോത്പാദന കമ്മീഷണർ കുട്ടനാട് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഡോ. എം.എസ്.സ്വാമിനാഥന്റെ സാന്നിദ്ധ്യത്തിൽ പ്രോസ്പിരിറ്റി കൗൺസിൽ കൂടുകയും വർക്ക്ഷോപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പാക്കേജിന്റെ സുഗമവും സമയബന്ധിതവും സുതാര്യവുമായ നടത്തിപ്പിന് വേണ്ട നിർദ്ദേശങ്ങൾ അനുബന്ധ വകുപ്പുകൾക്ക് നൽകി തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**